# ലോക കേരള സഭ

തിരുവനന്തപുരം | 2018 ജനുവരി 12, 13

കേരള സർക്കാർ

5923/എൽകെഎസ്/2018/റൂട്ട്സ് 31.10.2018

സ്വീകർത്താവ്

എല്ലാ ലോക കേരള സഭാംഗങ്ങൾക്കും, സംഘടനകൾക്കും

സർ,

വിഷയം:- ലോക കേരള സഭ - മലയാളം മിഷൻ - ലോക മെമ്പാടുമുള്ള മലയാളികളെ ഭാഷാടിസ്ഥാനത്തിൽ ഒന്നിപ്പിച്ചു കൊണ്ട് സംഘടിപ്പിക്കുന്ന ഭൂമിമലയാളം രിപാടിയിൽ നോർക്ക, ലോക കേരള സഭ അംഗങ്ങളെ പങ്കെടുപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1. മലയാളം മിഷന്റെ 26.10.2018 തീയതിയിലെ 1495/18/മ.മി നമ്പർ കത്ത്.

കേരള സർക്കാർ - സാംസ്കാരിക വകുപ്പിന് കീഴിൽ മലയാളം മിഷന്റെ നേതൃത്വത്തിൽ ഭാഷാ-സാംസ്കാരിക പ്രവർത്തനങ്ങൾ വഴി മലയാളി ജനതയെ, പ്രത്യേകിച്ചും വിവിധ രാജ്യ ങ്ങളിലായി വ്യാപിച്ചു കിടക്കുന്ന മലയാളി സമൂഹത്തെ ബന്ധപ്പിച്ച കൊണ്ട് അവരിൽ ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തി മലയാള ഭാഷയുടേയും സംസ്കാരത്തിന്റെയും നമ്മുടെ സംസ്ഥാപത്തിന്റേയും സർവതോമുഖമായ വികാസത്തിൽ പ്രവാസി മലയാളികളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

ആഗോള തലത്തിൽ ഭാഷാടിസ്ഥാനത്തിൽ മലയാളികളെ ഒരു ഏകീകൃത പ്രവർത്തനത്തിന്റെ ഭാഗമാക്കുന്ന ഒരു പദ്ധതി **ഭൂമിമലയാളം** എന്ന പേരിൽ നവംബർ ഒന്ന് കേരള പിറവി ദിനത്തിന്റെ പശ്ചാത്തലത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. **എവിടെയെല്ലാം മലയാളി - അവിടെയെല്ലാം മലയാളം** എന്ന മുദ്രാവാക്യത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിനകത്തും പുറത്തും നവംബർ 1 ലോക മലയാളദിനം ആയി വ്യാപകമായി ആചരിക്കുക - ലോകത്തിന്റെ വിവിധ

നോർക്ക റൂട്ട്സ്, ഗവ: ഗസ്റ്റ് ഹൗസിന് സമീപം, തൈക്കാട് പി.ഒ., തിരുവനന്തപുരം - 695 014.
ഫോൺ: +91 471 2770500, + 91 9446303339 | ടോൾ ഫ്രീ നമ്പർ: 1800 425 3939 | ഫാക്സ്: +91 471 2326263

ഭാഗങ്ങളിൽ നിന്നുള്ള പരമാവധി മലയാളികളെ ഒരേ സമയം പരിപാടിയിൽ പങ്കാളികളാക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

നവംബർ ഒന്നിന് പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. ഇതിന്റെ തുടർച്ചയായി, നവംബർ ഒന്ന് മുതൽ നാല് വരെയുള്ള ദിവസങ്ങളിൽ ലോകമൊട്ടാകെയുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ സംഘടനകൾ - സ്ഥാപനങ്ങൾ - വ്യക്തികൾ - കൂട്ടായ്മകൾ എന്നിവരുടെ ആഭിമുഖ്യത്തിൽ മലയാളികളെ അണിചേർത്ത് കൊണ്ട് ഭാഷാ പ്രതിജ്ഞ ചൊല്ലുന്ന പ്രവർത്തനം നടക്കും.

ഈ പ്രവർത്തനത്തിന്റെ ഭാഗമാകുവാൻ വിവിധ രാജ്യങ്ങളിലുള്ള നോർക്ക അംഗ സംഘടനകൾ, ലോക കേരള സഭാംഗങ്ങൾ, മറ്റ് കൂട്ടായ്മകൾ, സ്ഥാനങ്ങൾ എന്നിവർ ഈ ഉദ്യമനത്തിൽ പങ്കാളികളാവണമെന്ന് അറിയിക്കുന്നു. കൂടാതെ പരിപാടിയെക്കുറിച്ചുള്ള മാർഗ്ഗ രേഖയും വിശദവിവരങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കു വേണ്ടി

മലയാളം മിഷൻ
കേരള സർക്കാർ
Ph: 0471-2478336
T.C. 27/2311(1), Rohini, Convent Road, Thiruvananthapuram-695 001,
e-mail: malayalammissionkerala@gmail.com Web : www.mm.kerala.gov.in

27 OCT 2018

13

ഭൂമി മലയാളം
www.bhoomimalayalam.org

# ഭൂമിമലയാളം പദ്ധതി- ലോകമലയാള ദിനാചരണം - മാർഗരേഖ

**2018 നവംബർ ഒന്നുമുതൽ നാലുവരെ**

- ഭൂമിമലയാളം പദ്ധതിയുടെ പ്രധാന ഘടകമായ ലോകമലയാളദിനാചരണം 2018 നവംബർ ഒന്ന് മുതൽ നാല് വരെയുള്ള ദിവസങ്ങളിലായി നടക്കും.

- ലോകമലയാളദിനാചരണം ആഗോളതല ഉദ്ഘാടനം 2018 നവംബർ ഒന്ന് (വ്യാഴാഴ്ച്ച) ഇന്ത്യൻ സമയം പകൽ 11ന് തിരുവനന്തപുരം ഗവ. സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കും.

- പ്രവാസി മലയാളിയും കവിയുമായ ശ്രീ. കെ. സച്ചിദാനന്ദൻ തയ്യാറാക്കിയ പ്രതിജ്ഞ ചൊല്ലുന്നതിലൂടെയാണ് ലോകമലയാളദിനം ആചരിക്കുന്നത്.

- നവംബർ 1 മുതൽ 4 വരെയുള്ള ദിവസങ്ങളിൽ സൗകര്യപ്രദമായ ഒരു ദിവസവും സമയവും തെരഞ്ഞെടുത്ത് വിവിധ മലയാളി സംഘടനകൾക്കും കൂട്ടായ്മകൾക്കും ലോകമലയാളദിനാചരണം നടത്താം.

- ലോകമലയാളദിനാചരണം സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾ, മലയാളി സംഘടനകൾ, കൂട്ടായ്മകൾ തുടങ്ങിയവർ പങ്കാളിത്തം സംബന്ധിച്ച കൃത്യമായ വിവരം (പങ്കെടുക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നവരുടെ എണ്ണം, പരിപാടി നടത്തുന്ന സ്ഥലം, സമയം,പ്രതിജ്ഞയ്ക്കൊപ്പം സംഘടിപ്പിക്കുന്ന അനുബന്ധ പരിപാടികൾ) എന്നിവ ഉൾക്കൊള്ളിച്ച ഇ-മെയിലിലൂടെ ഭൂമിമലയാളം ഔദ്യോഗിക ഇ-മെയിൽ വിലാസമായ bhoomimalayalamcampaign@gmail.com വഴി/അല്ലെങ്കിൽ ഭൂമിമലയാളം ഔദ്യോഗിക വെബ്സൈറ്റായ www.bhoomimalayalam.org വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

- പ്രതിജ്ഞ ചടങ്ങുകളുടെ സമയം, സ്ഥലം, പങ്കെടുത്തവരുടെ എണ്ണം, ചിത്രങ്ങൾ, വീഡിയോ ദൃശ്യങ്ങൾ എന്നിവ മലയാളം മിഷൻ-ഭൂമിമലയാളത്തിന്റെ ഔദ്യോഗിക

ഇ-മെയിൽ വിലാസമായ bhoomimalayalamcampaign@gmail.com ലേക്ക് അയക്കാവുന്നതാണ്.

- ലോകമലയാളദിനാചരണം കൂടാതെ, ഭൂമിമലയാളത്തിന്റെ അനുബന്ധ പരിപാടികളായ വിവിധ ഭാഷാ-സാംസ്കാരിക-സാഹിത്യ മത്സരങ്ങളെ സംബന്ധിച്ച അറിയിപ്പുകൾ ഭൂമിമലയാളം വെബ്സൈറ്റിലും സോഷ്യൽ മീഡിയ പേജുകളിലും ലഭ്യമാകും.

- ഭൂമിമലയാളം ക്യാംപെയിനിലൂടെ ലോകമെമ്പാടുമുള്ള മലയാളി സാന്നിധ്യം അടയാളപ്പെടുത്തുന്ന ലോകഭൂപടം തയ്യാറാക്കുവാനുദ്ദേശിക്കുന്നു. ഇതിലേക്കായി ലോകത്തിന്റെ വിവിധ കോണുകളിലുള്ള വ്യക്തികൾക്ക് തങ്ങളുടെ സ്ഥലവിവരങ്ങൾ സൂചിപ്പിക്കുന്ന സെൽഫി ഫോട്ടോകൾ, വീഡിയോകൾ, മറ്റ് ദൃശ്യസങ്കേതങ്ങൾ എന്നിവ സമർപ്പിക്കാവുന്നതാണ്.

- ഭൂമിമലയാളം ക്യാംപെയ്ൻ പ്രവർത്തനങ്ങളിൽ കേരള സർക്കാരിന്റെ വിദ്യാഭ്യാസം, വിനോദസഞ്ചാരം ഉൾപ്പെടെയുള്ള വിവിധ വകുപ്പുകൾ, നോർക്ക, ലോകകേരളസഭ തുടങ്ങിവർ പങ്കാളികളാണ്. ഈ മേഖലകളിലെ ഔദ്യോഗിക പ്രതിനിധികൾ, പ്രമുഖ മലയാളി വ്യക്തിത്വങ്ങൾ മുതലായവരെ പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. തദ്ദേശിയമായി സംഘടിപ്പിക്കാൻ കഴിയുന്ന ഭാഷാ-കലാ-സാംസ്കാരിക പരിപാടികളും പ്രവർത്തനങ്ങളും ക്യാംപെയ്നിന്റെ ഭാഗമായി നടത്താവുന്നതാണ്. ഇതുസംബന്ധിച്ചുള്ള അറിയിപ്പുകളും പ്രചരണങ്ങളും ഭൂമിമലയാളം വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി ഇ-മെയിൽ വിലാസമായ bhoomimalayalamcampaign@gmail.com ലേക്ക് അയച്ചുതരാവുന്നതാണ്.

- വിവിധ സ്ഥാപനങ്ങളിലും സംഘടനകളിലും മലയാളി സാന്നിധ്യമുള്ള എല്ലാ ഇടങ്ങളിലും (സ്വകാര്യസംഘടനകളും ആരാധനാലയങ്ങൾ അനുബന്ധിച്ചുള്ള കൂട്ടായ്മകളിലും അടക്കം) ഭൂമിമലയാളം പരിപാടി സംബന്ധിച്ച വിവരങ്ങൾ എത്തുന്നുണ്ട് എന്നും ലോകമലയാളദിനാചരണത്തിലും ഭൂമിമലയാളത്തിന്റെ അനുബന്ധ പരിപാടികളിലും പരമാവധി പങ്കാളിത്തം ഉണ്ടാകും എന്നും ഉറപ്പുവരുത്താനുള്ള ക്രിയാത്മകമായ ശ്രമങ്ങൾ നടത്താം.

- ഭൂമിമലയാളം, ലോകമലയാളദിനാചരണം എന്നിവ സംബന്ധിച്ച സാമൂഹികമാധ്യമ പോസ്റ്റുകളിലും ചിത്രങ്ങളിലും ഉപയോഗിക്കേണ്ട ഹാഷ്ടാഗുകൾ #bhoomimalayalam #lokamalayaladinam എന്നിവയാണ്.
    - വെബ്സൈറ്റ് : www.bhoomimalayalam.org

- ഫേസ്ബുക് പേജ് : https://www.facebook.com/lokamalayaladinam/
- ട്വിറ്റർ വിലാസം : https://twitter.com/bhoomimalayalam

- കൂടുതൽ വിവരങ്ങൾക്കും സംഘാടനം സംബന്ധിച്ച ആശയവിനിമയത്തിനുമായി വി. എസ്. ശ്യാം (91 94475 89773), അനുപമ മോഹൻ (91 81294 73703) എന്നിവരുമായി ഫോൺ മുഖാന്തരമോ വാട്ട്സ്ആപ്പ്- ടെലിഗ്രാം എന്നീ പ്ലാറ്റ്ഫോമുകൾ വഴിയോ ബന്ധപ്പെടാം.

CULTURAL AFFAIRS DEPT.
Malayalam Mission
GOVERNMENT OF KERALA

മലയാളം മിഷൻ

# ലോക മലയാള ദിനം

2018 നവംബർ 1

## ഭാഷാപ്രതിജ്ഞ

ഭൂമി മുഴുവൻ പടർന്നുകിടക്കുന്ന ബൃഹത്തായ മലയാളി സമൂഹത്തിന്റെ ഭാഗമാണെന്നതിൽ ഞാൻ അഭിമാനിക്കുന്നു. ലോക സംസ്കാരത്തിനും സാഹിത്യത്തിനും മലയാളവും മലയാളികളും ചെയ്ത സംഭാവനകൾ എന്നെ ആഹ്ലാദിപ്പിക്കുന്നു. മലയാളിയുടെ മതാതീതമായ സൗഹൃദവും നവോത്ഥാനത്തിലൂടെ മലയാളികൾ കൈവരിച്ച ആധുനികമായ അവബോധവും എന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. മലയാളിയുടെ സമത്വഭാവനയെ ഞാൻ ആദരിക്കുന്നു..

എന്റെ ഭാഷ ഞാൻ ലോകത്തെ നോക്കിക്കാണുന്ന രീതിയാണ്. എന്റെ ഓർമ്മകളും അനുഭവവും ഭാവനയും രൂപപ്പെടുത്തുന്നതിൽ അതിനു പ്രധാനമായ പങ്കുണ്ട്. മലയാളം എന്റെ സ്വത്വത്തെ നിർവചിക്കുന്ന ആദ്യഘടകമാണ്. ഞാൻ ഈ രാജ്യത്തും ലോകത്തിലും ഒരു മലയാളി എന്ന നിലയിൽ തന്നെ എന്നെ തിരിച്ചറിയുന്നു.

അനേകം മതങ്ങളും ലോകവീക്ഷണങ്ങളും സാമൂഹ്യ ജാഗ്രതാ പ്രസ്ഥാനങ്ങളും കലാ–സാഹിത്യ രൂപങ്ങളും സമൃദ്ധമാക്കിയതാണ് കേരളീയ സംസ്കൃതി. അതിന്റെ അവകാശിയായത് എന്റെ സൗഭാഗ്യമാണ്. എന്റെ ഭാഷയെയും സംസ്കാരത്തെയും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് എന്റെ കടമയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഭൂമിയുടെ ഏത് കോണിൽ ജീവിച്ചാലും എന്റെ ഭാഷയെ ഞാൻ വിസ്മരിക്കുകയില്ല. വരും തലമുറകളിലേക്കും ആ ഭാഷയും അതിലൂടെ ഞാൻ അവകാശമാക്കിയ സംസ്കാരവും പകരുവാൻ കഴിവിന്റെ പരമാവധി പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു

"എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം"